പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1859 — 08.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. യെ പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ് | ശ്രീ. എ.കെ. ശശീന്ദ്രൻ |
| " എസ്.രാജേന്ദ്രൻ | (ഗതാഗത വകുപ്പ് മന്ത്രി) |
| " പി.ടി.എ. റഹീം | |
| " എൻ. വിജയൻ പിള്ള | |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യെ സമഗ്രമായി പുനരുദ്ധരിച്ച് സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ചെലവ് നിയന്ത്രണത്തോടൊപ്പം വരുമാന വർദ്ധനവിനും പദ്ധതിയുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | 2017-18 കാലഘട്ടം മുതൽ കെ.എസ്.ആർ.ടി.സി.യിൽ നിരവധി പുനരുദ്ധാരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി യെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവ ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ |

| | | | |
|---|---|---|---|
| | | | ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതു മൂലം കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.<br>സാമ്പത്തിക പുന:ക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിരുന്ന വായ്പകൾ പൊതു മേഖലാ ബാങ്കുകളുടെ പുതിയ കൺസോർഷ്യത്തിലേക്ക് മാറ്റി കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിൽ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുള്ള വായ്പാ കടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി |

| | | | |
|---|---|---|---|
| | | | രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യെ പുന:സംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേക്കെത്തിക്കുന്നതിനുമായി കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായിരുന്ന പ്രൊഫ. സുശീൽ ഖന്നയെ, സർക്കാർ ഉത്തരവ് നം. G.O.(Rt) 367/2016/Trans. തീയതി 24.09.2016 പ്രകാരം വിശദപഠനം നടത്തുവാൻ കൺസൽട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചു വരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവീസ് ഓപറേഷൻ മേഖലയിൽ നടത്തി കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി തയ്യാറാക്കി വരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് ഒരു പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസുകൾ സർവീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്നസമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br>മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാന ഭാരം കുറച്ച് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.<br>മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സംസ്ഥാന പ്രൊഡക്ടീവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് |

| | | | |
|---|---|---|---|
| | | | പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)ന്റെ മേൽ നോട്ടത്തിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിന്റെ ചുമതലയ്ക്കു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വിഭാഗം ജീവനക്കാരെയും യോജിപ്പിച്ചു കൊണ്ടു ഗ്യാരേജ് മീറ്റുകളും ബോധവൽകരണ ക്ലാസുകളും ട്രെയിനിങ്ങും നടന്നു വരുന്നു. |
| (ബി) | കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾക്കു പകരം പുതിയ ബസുകൾ നിരത്തിലിറക്കുന്നതിന് 900 ബസുകൾ വാങ്ങാൻ ഭരണാനുമതി ലഭിച്ചതു പ്രകാരം സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഇപ്പോൾ അറ്റകുറ്റ പണിക്കൾക്കായി ഗ്യാരേജുകളിലുള്ള ബസ്സുകൾ പ്രസ്തുത ജോലികൾ തീർത്തു സർവ്വീസിനു തയ്യാറാക്കുന്നതിനാവശ്യമായ ടയറും മറ്റ് സ്പെയർ പാർട്സുകളും വാങ്ങുന്നതിനു പോലും കെ.എസ്.ആർ.ടി.സിയുടെ നിലവിലെ സാമ്പത്തിക പരാധീനത മൂലം സാധിക്കുന്നില്ല. കൂടാതെ ഇത്രയും ബസ്സുകൾ അറ്റകുറ്റ പണികൾക്കായി ഡോക്ക് ചെയ്തിട്ടുളള സാഹചര്യത്തിൽ പോലും ബാക്കിയുള്ള ഓടിക്കാൻ യോഗ്യമായ ബസ്സുകൾ പൂർണ്ണമായും സർവ്വീസിന് ഉപയോഗിക്കുന്നതിന് ജീവനക്കാരുടെ ഗണ്യമായ കുറവു മൂലം കഴിയുന്നതുമില്ല. ഈ സാഹചര്യത്തിൽ നിലവിൽ അറ്റകുറ്റ പണികൾക്കായി ഗ്യാരേജുകളിലുള്ള ബസ്സുകൾ സർവ്വീസിന് യോഗ്യമാക്കിയും ജീവനക്കാരുടെ കുറവു പരിഹരിച്ചും ഓടിക്കാൻ കഴിയുന്ന എല്ലാ ബസ്സുകളും സർവ്വീസിനു അയയ്ക്കാൻ കഴിയുന്ന സാഹചര്യം സംജാതമാക്കിയതിനു ശേഷം മാത്രം പുതിയ ബസ്സുകൾ വാങ്ങുന്നതാണ് അഭികാമ്യം എന്ന നിഗമനത്തിലാണ് കെ.എസ്.ആർ.ടി.സി. |
| (സി) | വർക്ക്ഷോപ്പുകളിൽ ആധുനിക ഉപകരണങ്ങളും മറ്റു സംവിധാനങ്ങളും ഏർപ്പെടുത്തി വാഹന വിനിയോഗം വർദ്ധിപ്പിക്കുന്നതിനും | (സി) | വർക്ക് ഷോപ്പുകളിലെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും വാഹനവിനിയോഗം വർദ്ധിപ്പിക്കുന്നതിനുമായുള്ളആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. Pneumatic |

| | | | |
|---|---|---|---|
| | കെ.എസ്.ആർ.ടി.സി. ബസുകളുടെ ബോഡി നിർമ്മാണം സ്വകാര്യ സ്ഥാപനത്തിന് നൽകേണ്ടി വന്ന സ്ഥിതി ഒഴിവാക്കുന്നതിനും നടപടി യെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | | wrenches, torque multiplier, automatic tyre changer, wheel alignment machine, wheel balancer, air hydraulic floor jack, 4 column mobile lift, trolley jack, gear box lifting jack, turbo air ventilator, heavy duty hydraulic engine lifting crane, multi purpose jib crane, തുടങ്ങിയവ ലഭ്യമാക്കി കഴിഞ്ഞു. ബസ് ബോഡി നിർമാണം സ്വകാര്യ സ്ഥാപനത്തെ കെ.എസ്.ആർ. ടി.സി ഏല്പിച്ചിട്ടില്ല. എന്നാൽ 100 പൂർണ്ണ നിർമിത ബസുകൾ അശോക് ലൈലാൻഡ് കമ്പനിയിൽ നിന്നും 2017-18 കാലയളവിൽ വാങ്ങുന്നതിന് വിതരണ ഉത്തരവ് നല്കിയതിൻ പ്രകാരം ബസ് ലഭിച്ചുവരുന്നുണ്ട്. പുതിയതായി കേന്ദ്ര സർക്കാർ നടപ്പാക്കിയ AIS 052 പ്രകാരമുള്ള ബസ് ബോഡി കോഡ് അനുസരിച്ച് ബസ്സ് നിർമ്മിക്കുന്നതിനുള്ള ടൈപ്പ് അപ്രൂവൽ (ഫേസ്-1, ഫേസ്-2) കെ.എസ്.ആർ.ടി.സി.യുടെ പാപ്പനംകോട് സെൻട്രൽ വർക്ക് ഷോപ്പിന് ലഭ്യമായിട്ടുണ്ട്. എടപ്പാൾ വർക്ക്ഷോപ്പിനു കൂടി AIS 052 പ്രകാരമുള്ള അംഗീകാരം ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**